"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ്- എഞ്ചിനിയറിംഗ് വിഭാഗം- മലപ്പുറം ജില്ലയിലെ തിരൂർ നഗരസഭയിൽ ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്) നടത്തിയ പരിശോധനയുടെ അടിസ്ഥാനത്തിലുള്ള അച്ചടക്കനടപടി - സെൻഷർ നൽകി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇഡബ്ല്യൂഎ) വകുപ്പ്**

സ.ഉ.(സാധാ) നം.469/2026/LSGD തീയതി,തിരുവനന്തപുരം, 24-02-2026

---

പരാമർശം:-

1. ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്)-ന്റെ 24.11.2014-ലെ CTP (Vig) 994/14 നമ്പർ റിപ്പോർട്ട്
2. 08.03.2021-ലെ EW2/54/2018-LSGD നമ്പർ കുറ്റപത്രം / കുറ്റാരോപണപത്രിക.
3. മുൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീ. രാജ് ജെ.ആർ. 26.07.2021 തീയതിയായി സമർപ്പിച്ച പ്രതിവാദപത്രിക
4. ചീഫ് എഞ്ചിനീയറുടെ 06.08.2022-ലെ ഇ11-4114/17/സി.ഇ./ത.സ്വ.ഭ.വ നമ്പർ കത്ത്.
5. തിരൂർ നഗരസഭ സെക്രട്ടറിയുടെ 26.12.2023, 25.10.2025 തീയതികളിലെ PW2.21347/23 നമ്പർ കത്ത്.

**ഉത്തരവ്**

മലപ്പുറം ജില്ലയിലെ തിരൂർ നഗരസഭയിൽ ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്) പരിശോധന നടത്തി പരാമർശം (1) പ്രകാരം റിപ്പോർട്ട് സർക്കാരിൽ സമർപ്പിച്ചു. ടി പരിശോധനയിൽ BA/496/11 (Commercial Building) ഫയലിൽ ചുവടെ ചേർക്കുന്ന ക്രമക്കേടുകൾ കണ്ടെത്തുകയുണ്ടായി.

തിരൂർ മുനിസിപ്പാലിറ്റിയുടെ അംഗീകൃത DTP സ്കീം അനുസരിച്ച് സൈറ്റ് വാണിജ്യമേഖലയിലാണ് വരുന്നത്. പ്രസ്തുത DTP സ്കീം പ്രകാരമുള്ള 18m റോഡ് വീതി നിർദ്ദിഷ്ട സൈറ്റിനെ ബാധിക്കില്ല, എന്നാൽ നിർദ്ദിഷ്ടറോഡിൽ നിന്ന് കെട്ടിടത്തിലേക്കുള്ള ദൂരം 3m ലഭ്യമാക്കേണ്ടതിനു പകരം 2m മാത്രമാണ് ലഭ്യമാക്കിയിട്ടുള്ളത്. ആയത് കേരള മുനിസിപ്പാലിറ്റി ബിൽഡിംഗ് റൂൾ 1999 ചട്ടം 25(1), 25(2) എന്നിവയുടെ ലംഘനമാണ്. കേരള മുനിസിപ്പാലിറ്റി ബിൽഡിംഗ് റൂൾ 1999 ലെ ചട്ടം 42 പ്രകാരമുള്ള ഫയർ എസ്കേപ്പ് സ്റ്റെയർ കെട്ടിടത്തിന് നൽകിയിട്ടില്ല.

2. മേൽ ക്രമക്കേടുകൾക്ക് തിരൂർ മുനിസിപ്പാലിറ്റിയിലെ മുൻ അസിസ്റ്റന്റ്

എക്സിക്യൂട്ടീവ് എഞ്ചിനീയറും നിലവിൽ തൃശ്ശൂർ കോർപറേഷനിൽ എക്സിക്യൂട്ടീവ് എഞ്ചിനീയറുമായ ശ്രീ. രാജ് ജെ.ആർ.(PEN-674598) ഉത്തരവാദിയാണെന്നുകണ്ട് ടിയാൾക്കെതിരെ 1960-ലെ കേരള സിവിൽ സർവീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 16 പ്രകാരമുള്ള അച്ചടക്കനടപടി ആരംഭിച്ച് പരാമർശം (2) കുറ്റപത്രം / കുറ്റാരോപണ പത്രിക നൽകി.

**3.** കുറ്റപത്രത്തിന് മുൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീ. രാജ് ജെ.ആർ. സമർപ്പിച്ച പരാമർശം (3) പ്രതിവാദപത്രികയിൽ ടിയാൾ കുറ്റാരോപണങ്ങൾ നിഷേധിച്ചു. പ്രതിവാദപത്രികയിൽ ടിയാൾ ഉന്നയിച്ച വാദങ്ങൾ ചുവടെ ചേർക്കുന്നു:-

- Thirur Municipality map No. 1 G.O.(P) 179/92/LSGD, 2/7/92-ൽ അംഗീകാരം ലഭിച്ച DTP സ്കീം പ്രകാരം CBI എന്ന ബൈപ്പാസ് റോഡ് 18 മീറ്റർ വൈഡ് പ്രൊപ്പോസ് ചെയ്തിരിക്കുന്നതാണ്. എന്നാൽ വിവിധ കൗൺസിലുകളുടെ തീരുമാനപ്രകാരം CBI എന്ന 18 മീറ്റർ പ്രൊപ്പോസ്ഡ് റോഡിന്റെ വടക്കേ ഭാഗത്തുകൂടി അലൈൻമെന്റിൽ മാറ്റംവരുത്തി 14 മീറ്റർ വീതിയുള്ള ബൈപ്പാസ് നിർമ്മിക്കുകയുണ്ടായി. ഇപ്രകാരം ഒരു ബൈപ്പാസ് നിലവിലുള്ളതിനാൽ CBI റോഡ് ഇനി പ്രായോഗികമല്ല; CBI റോഡ് പ്രൊപ്പോസൽ ഭാഗങ്ങളിൽ ബഹു. ഹൈക്കോടതി ഉത്തരവുകളിലൂടെ നിരവധി കെട്ടിടാനുമതി നല്കിയിട്ടുണ്ട്. അതോടൊപ്പമാണ് നഗരസഭ സെക്രട്ടറി CBI റോഡ് പരിഗണിക്കാതെ ടി കെട്ടിടത്തിന് പെർമിറ്റ് നൽകുന്നതിന് നിർദ്ദേശിച്ചത്.
- CBI റോഡ് വരികയാണെങ്കിൽ 2 മീറ്റർ സെറ്റ്ബാക്കിൽനിന്നും 3 മീറ്റർ സെറ്റ്ബാക്ക് വരുത്തുവാനായി ആ സമയത്ത് 1 മീറ്റർ വീതിയിൽ കെട്ടിടം പൊളിക്കേണ്ടിവന്നാൽ ആയതിന് യാതൊരു തരത്തിലുള്ള നഷ്ടപരിഹാരവും ആവശ്യപ്പെടുകയില്ല എന്ന Affidavit കക്ഷിയിൽ നിന്നും വാങ്ങിയിട്ടുള്ളതാണ്.
- Fire Stair നേരിട്ട് ഗ്രൗണ്ടിലേക്ക് ഇറങ്ങണം എന്ന വ്യവസ്ഥ പാലിക്കാതെ ഗ്രൗണ്ടിലേക്ക് ഇറങ്ങുന്ന ഭാഗത്ത് ഒരു breakable glass കാണിച്ചിരിക്കുന്നത് നീക്കിയാൽ ലംഘനം തീരുന്നതാണ്. പെർമിറ്റ് കൊടുക്കുന്നതിന് മുമ്പ് ലഭിച്ച Initial Fire NOC-ൽ ഇക്കാര്യം പരാമർശിച്ചിട്ടില്ല.
- നിലവിൽ ഈ കെട്ടിടത്തിന് ബഹു. ഹൈക്കോടതിയുടെ 05.04.2016 -ലെ WP(C) 921/2016(M) നമ്പർ ഉത്തരവ് പ്രകാരവും LSGD/RB3/40/2016 തീയതി 04.04.2016 പ്രകാരവും കംപ്ലീഷൻ നൽകുന്നതിന് ഉത്തരവായിട്ടുള്ളതും ആയത് പ്രകാരം ഒക്യുപെൻസി നൽകിയിട്ടുള്ളതുമാണ്.

**4.** ചീഫ് എഞ്ചിനീയർ പരാമർശം (4) പ്രകാരം ലഭ്യമാക്കിയ അഭിപ്രായക്കുറിപ്പിൽ, ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ സെക്രട്ടറിയുടെ നിർദ്ദേശപ്രകാരമാണ് DTP സ്കീം സി.ബി.ഐ. റോഡ് പരിഗണിക്കാതെ പെർമിറ്റ് നല്കുവാൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർദ്ദേശിച്ചിട്ടുള്ളതെന്നും 1999-ലെ കേരള മുനിസിപ്പാലിറ്റി ബിൽഡിംഗ് ചട്ടങ്ങളിലെ ചട്ടം (42) [Fire Escape] - ന്റെ ലംഘനം പരിഹരിച്ചതിന് ശേഷമാണ് ഒക്യുപെൻസി നല്കിയിട്ടുള്ളതെന്നുമുള്ള സാഹചര്യം കണക്കിലെടുക്കുമ്പോൾ പെർമിറ്റ് അനുവദിക്കുന്നതിന് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ പ്രായോഗികമായി മാത്രമേ പ്രവർത്തിച്ചിട്ടുള്ളൂ എന്ന് കണക്കിലെടുക്കാവുന്നതാണെന്ന് അറിയിച്ചിരിക്കുന്നു.

5. തിരൂർ നഗരസഭ സെക്രട്ടറി പരാമർശം (5) പ്രകാരം സമർപ്പിച്ച അഭിപ്രായം ചുവടെ ചേർക്കുന്നു:-

- ഫയൽ പരിശോധിച്ചതിൽ റിവൈസ്ഡ് പ്രൊപ്പോസ്ഡ് സ്കീമിന് അനുസൃതമായി പ്ലാൻ സമർപ്പിക്കുന്നതിന് അപേക്ഷകനോട് നിർദ്ദേശിക്കുന്നതിനാണ് 16.08.2012, 27.09.2012 തീയതികളിൽ നഗരസഭാ സെക്രട്ടറി കുറിപ്പ് രേഖപ്പെടുത്തിയതായി കാണുന്നത്. ടി കെട്ടിടത്തിൽ കേരള മുനിസിപ്പാലിറ്റി ബിൽഡിംഗ് ചട്ടങ്ങളുടെ ലംഘനങ്ങളൊന്നും കണ്ടെത്താത്തതിനാലും, കക്ഷി ഫയർ & റെസ്ക്യൂ സർവ്വീസ് പാലക്കാട് ഡിവിഷണൽ ഓഫീസറുടെ ഫൈനൽ ഫയർ NOC ഹാജരാക്കിയിട്ടുള്ളതിനാലും ബഹു. ഹൈക്കോടതിയുടെ 05.04.2016-ലെ WP(C) 921/2016(M) മേലുള്ള ഉത്തരവിന് വിധേയമായി ടി കെട്ടിടത്തിന് ഒക്യുപെൻസി അനുവദിക്കാവുന്നതാണെന്ന് ഓവർസിയറുടെ 01.06.2016-ലെ കുറിപ്പിന്റെ അടിസ്ഥാനത്തിലും സ്ഥലപരിശോധന നടത്തി അസിസ്റ്റന്റ് എഞ്ചിനീയർ ഒക്യുപെൻസി അനുവദിക്കുന്നതിന് 08.06.2016-ൽ ശിപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിലുമാണ് 10.06.2016-ൽ ടി കെട്ടിടത്തിന് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീ. രാജ് ജെ.ആർ. ഒക്യുപെൻസി സർട്ടിഫിക്കറ്റ് അനുവദിച്ചിട്ടുള്ളത്.
- നിലവിൽ ബഹു.ഹൈക്കോടതിയുടെ നിർദ്ദേശപ്രകാരം തിരൂർ DTP Scheme I, DTP Scheme II എന്നിവ റിവൈസ് ചെയ്യുന്നതിന് കൗൺസിൽ സ്പെഷ്യൽ കമ്മിറ്റി തീരുമാനമെടുത്തിട്ടുള്ളതും പ്രസ്തുത തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ Revised DTP Scheme-ന് സർക്കാർ അനുമതി നൽകിയിട്ടുള്ളതും ആയത് പ്രകാരം ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്)-ന്റെ റിപ്പോർട്ടിൽ പരാമർശിക്കുന്ന റോഡ് ഇപ്പോൾ നിലവിൽ ഇല്ലാത്തതുമാണ്.

6. ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്)-ന്റെ റിപ്പോർട്ട്, മുൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീ. രാജ് ജെ.ആർ സമർപ്പിച്ച പ്രതിവാദപത്രിക, ചീഫ് എഞ്ചിനീയർ, തിരൂർ നഗരസഭ സെക്രട്ടറി എന്നിവരുടെ റിപോർട്ടുകൾ എന്നിവയുടെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. DTP scheme പ്രകാരമുള്ള റോഡ് പ്രൊപ്പോസൽ ഇനി പ്രായോഗികമല്ലാത്തതിനാലും ബഹു.ഹൈക്കോടതി ഉത്തരവിലൂടെ നിരവധി കെട്ടിടങ്ങൾ ടി ഭാഗത്ത് വന്നിട്ടുള്ള സാഹചര്യത്തിലുമാണ് നഗരസഭസെക്രട്ടറിയുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ BA/496/11 വാണിജ്യ കെട്ടിടത്തിന് പെർമിറ്റ് നൽകിയത് എന്നും 1999-ലെ കേരള മുനിസിപ്പാലിറ്റി ബിൽഡിംഗ് ചട്ടങ്ങളിലെ ചട്ടം (42)-ന്റെ ലംഘനം പ്രസ്തുത നിർമ്മാണത്തിന് ഉണ്ടായിരുന്നെങ്കിലും ആയത് പരിഹരിച്ച ശേഷമാണ് ഒക്യുപൻസി നല്കിയിട്ടുള്ളത് എന്നും ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്)-ന്റെ റിപ്പോർട്ടിൽ പരാമർശിക്കുന്ന റോഡ് ഇപ്പോൾ നിലവിലില്ല എന്നും ബോധ്യപ്പെടുന്നു. ആയതിനാൽ മലപ്പുറം തിരൂർ നഗരസഭയിലെ BA/496/11 വാണിജ്യകെട്ടിടത്തിന് പെർമിറ്റ് നൽകിയതുമായി ബന്ധപ്പെട്ട ചീഫ് ടൗൺപ്ലാനർ(വിജിലൻസ്) - ന്റെ പരിശോധന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മുൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറും നിലവിൽ തൃശ്ശൂർ കോർപറേഷനിൽ

എക്സിക്യൂട്ടീവ് എഞ്ചിനീയറുമായ ശ്രീ. രാജ് ജെ.ആർ. (PEN-674598)-നെതിരെ 1960-ലെ കേരള സിവിൽ സർവീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 16 പ്രകാരം ആരംഭിച്ച അച്ചടക്കനടപടി, ടിയാൾ തുടർ സേവനകാലയളവിൽ കൂടുതൽ ജാഗ്രതയോടെ പ്രവർത്തിക്കേണ്ടതാണെന്ന നിർദ്ദേശത്തോടെ, അതേ ചട്ടങ്ങളിലെ ചട്ടം 11 (1) (i) പ്രകാരം സെൻഷർ നൽകി തീർപ്പാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
C M AJAYA MOHAN
സ്പെഷ്യൽ സെക്രട്ടറി

1. ശ്രീ. രാജ് ജെ.ആർ.(PEN-674598), എക്സിക്യൂട്ടീവ് എഞ്ചിനീയർ, തൃശ്ശൂർ കോർപറേഷൻ **(ത.സ്വ.ഭ.വ പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)**
2. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം. **(ഉത്തരവ് പ്രകാരമുള്ള തുടർനടപടികൾ അടിയന്തരമായി നടപ്പാക്കുന്നതിനായി)**
3. അക്കൗണ്ടന്റ് ജനറൽ (എ&ഇ / ഓഡിറ്റ്), കേരള
4. തദ്ദേശ സ്വയംഭരണ (ഇ.ഡബ്ല്യൂ.ബി) വകുപ്പ്
5. വെബ് & ന്യൂ മീഡിയ,വിവര പൊതുജനസമ്പർക്ക വകുപ്പ്
6. സ്റ്റോക്ക് ഫയൽ (EW2/54/2018-LSGD)

ഉത്തരവിൻ പ്രകാരം

Signed by
Asha. R
Date: 24-02-2026 16:11:49

സെക്ഷൻ ഓഫീസർ